**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1098** **12-06-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ജലജീവൻ പദ്ധതി പ്രകാരം കുളത്തൂർ, കാരോട്, ചെങ്കൽ, തിരുപുറം, അതിയന്നൂർ എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനോടനുബന്ധിച്ച് ഓരോ പഞ്ചായത്തിനും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷനിലുൾപ്പെട്ട പ്രവൃത്തികൾക്കായി കുളത്തൂർ, കാരോട്, ചെങ്കൽ, തിരുപുറം, അതിയന്നൂർ പഞ്ചായത്തുകൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.<br><br>1. കുളത്തൂർ -7135.77 ലക്ഷം<br><br>2. കാരോട് – 9435.89 ലക്ഷം<br><br>3. ചെങ്കൽ - 9324.37 ലക്ഷം<br><br>4. അതിയന്നൂർ -3458.19 ലക്ഷം<br><br>5. തിരുപുറം - 1681.7 ലക്ഷം |
| (ബി) | ഓരോ പഞ്ചായത്തിലെയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | ജലജീവൻ മിഷനിലുൾപ്പെടുത്തി കുളത്തൂർ പഞ്ചായത്തിൽ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. 45% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കുളത്തൂർ പഞ്ചായത്തിലെ കുന്നംപുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ ദർഘാസ് നടപടികൾ പൂർത്തിയായി.<br><br>ചെങ്കൽ പഞ്ചായത്തിൽ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. 80% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.<br><br>കാരോട് പഞ്ചായത്തിൽ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. 65% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അതിയന്നൂർ പഞ്ചായത്തിലെ ജലവിതരണ ശൃംഖലയുടെ ഒന്നാംഘട്ട പ്രവൃത്തിയിലൂടെ 59.5 കിലോമീറ്റർ ദൈർഘ്യത്തിൽ ജലവിതരണ ശൃംഖല സ്ഥാപിച്ച് 4100 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. അതിയന്നൂർ പഞ്ചായത്തിൽ ജല വിതരണം നടത്തുന്നതിനായി നെല്ലിമൂട് തൊങ്ങൽ സ്കൂൾ പരിസരത്ത് 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനുള്ള കരാർ നൽകിയിട്ടുണ്ട്.<br><br>തിരുപുറം ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച ഗാർഹിക കണക്ഷനുകൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ